നഹാസ് മാള

# സ്വദഖയേക്കാള്‍ മഹത്തരമായത്

عَنْ أَبِي أُمَامَةَ رَضِيَ اللهُ عَنْهُ قَالَ : قَالَ رَسُولُ اللهِ ﷺ : رَأَيْتُ عَلَى بَابِ الجَنَّةِ مَكْتُوبًا : القَرْضُ بِثَمَانِيَةَ عَشَرَ والصَّدَقَةُ بِعَشْرٍ ، فَقُلْتُ : يَا جِبْرِيلُ ، مَا بَالُ القَرْضِ أَعْظَمُ أَجْرًا؟ لأَنَّ صَاحِبَ القَرْضِ لاَ يَأْتِيكَ إِلاَّ وَهُوَ مُحْتَاجٌ وَرُبَّمَا وَقَعَتْ الصَّدَقَةُ فِي يَدِ غَنِيٍّ

അബൂ ഉമാമ (റ)യില്‍ നിന്ന് നിവേദനം: പ്രവാചകന്‍ (സ) പറഞ്ഞു: "സ്വര്‍ഗത്തിന്റെ വാതിലില്‍ ഇപ്രകാരം എഴുതപ്പെട്ടതായി ഞാന്‍ കണ്ടു: കടം നല്‍കുന്നതിന് പതിനെട്ട് പ്രതിഫലവും സ്വദഖ നല്‍കുന്നതിന് പത്ത് പ്രതിഫലവുമാണ്." അപ്പോള്‍ ഞാന്‍ ചോദിച്ചു: "ഹേ ജിബ്‌രീല്‍, ഇത്ര ശ്രേഷ്ഠമായ പ്രതിഫലത്തിനര്‍ഹമാംവിധം കടം നല്‍കുന്നതില്‍ എന്താണുള്ളത്?" ജിബ്‌രീല്‍ മറുപടി നല്‍കി: "അതെന്തെന്നാല്‍, കടം ചോദിക്കുന്നവന്‍ ആവശ്യക്കാരനായിട്ടല്ലാതെ നിന്നെ സമീപിക്കുകയില്ല. സ്വദഖയാകട്ടെ ചിലപ്പോള്‍ പരാശ്രയം വേണ്ടാത്തവന്റെ കൈയിലും എത്തിപ്പെടാം" (ബൈഹഖി, ത്വബ്‌റാനി).

**വ്യത്യസ്ത** തലങ്ങളില്‍ നിര്‍വചനങ്ങളും വിശദീകരണങ്ങളും കടത്തെക്കുറിച്ച് ഇസ്‌ലാം പങ്ക് വെക്കുന്നു. കടം നല്‍കുന്നതിലെ പുണ്യവും തിരിച്ചുനല്‍കേണ്ടതിന്റെ ബാധ്യതയും കടബാധ്യതയുള്ളവന്റെ മരണത്തിന്റെ ഗൗരവവും പലയിടങ്ങളിലായി ഖുര്‍ആനിലും ഹദീസിലും കാണാം.

അല്ലാഹുവോടുള്ള കടത്തെക്കുറിച്ച് ഇടക്കിടെ ഓര്‍മപ്പെടുത്തുന്ന ഇസ്‌ലാം ഉത്തമമായ കടം നല്‍കി (ഖര്‍ദ് ഹസന്‍) പാരത്രിക ഗേഹമൊരുക്കിവെക്കാന്‍ നിര്‍ദ്ദേശിക്കുന്നുണ്ട്. അല്ലാഹുവിന് നല്‍കുക എന്നാല്‍ അല്ലാഹുവിന്റെ മാര്‍ഗത്തില്‍ സഹജീവികള്‍ക്ക് ദാനധര്‍മങ്ങളടക്കം സുകൃതങ്ങള്‍ ചെയ്യുക എന്നര്‍ഥം.

കടം നല്‍കുന്നതിന്റെ മഹത്വവും കടം വാങ്ങേണ്ടിവരുന്നവന്റെ അവസ്ഥയും അനാവരണം ചെയ്യുന്നതാണ് മേല്‍ഹദീസ്. സ്വദഖയെക്കാളും ഉയരത്തിലാണോ കടം നല്‍കുന്നതിന്റെ സ്ഥാനം എന്ന് സംശയമുന്നയിക്കുന്ന പ്രവാചകനോട് ജിബ്‌രീല്‍ (അ) പറയുന്ന വാക്കുകള്‍ ആ കര്‍മത്തിന്റെ ഗാംഭീര്യവും മഹത്വവും വ്യക്തമാക്കുന്നതാണ്. സ്വദഖ നല്‍കുമ്പോള്‍ പോലും അതിനെക്കാള്‍ കുറഞ്ഞ പ്രതിഫലം ലഭിക്കുന്നതിന്റെ കാരണങ്ങള്‍ അന്വേഷിക്കേണ്ടതുണ്ട്.

സ്വദഖ നല്‍കുന്നതിന്റെ കാരണങ്ങളും അവസ്ഥകളും സാധാരണ ഗതിയില്‍ നമുക്ക് ഊഹിക്കാവുന്നതാണ്. തന്റെ ചെലവില്‍ മിച്ചംവരുന്നത് താന്‍ മനസ്സറിഞ്ഞ് മറ്റൊരാള്‍ക്ക് നല്‍കുന്ന പുണ്യ കര്‍മ മത്രെ അത്. എന്നാല്‍ കടമോ, അതിന്റെ കാര്യം തിരിച്ചാണ്. തന്നെ സമീപിക്കുന്നവനെ സഹായിക്കാന്‍ മനസ്സ് വെമ്പുന്നുവെങ്കില്‍ പോലും കടം നല്‍കുന്നതില്‍ നിന്ന് ഒരാളെ തടയുന്ന ഒട്ടനവധി പ്രേരകങ്ങളുണ്ട്. സ്വദഖ നല്‍കാനുദ്ദേശിക്കുന്ന സംഖ്യയില്‍ കൂടുതലായിരിക്കും സ്വാഭാവികമായും കടമാവശ്യപ്പെട്ട് സമീപിക്കുന്നവന് നല്‍കേണ്ടിവരിക. സമീപഭാവിയിലോ ഒരു പക്ഷേ, അടുത്ത ദിവസങ്ങളില്‍ തന്നെയോ തന്റെ ആവശ്യങ്ങള്‍ക്കായി കരുതിവെച്ച കരുതല്‍മുതലില്‍ നിന്നായിരിക്കും കടം നല്‍കേണ്ടിയും വരിക. വിശ്വസ്തനും സല്‍സ്വഭാവിയുമാണ് അധമര്‍ണന്‍ (കടം വാങ്ങുന്നവന്‍). എങ്കില്‍ പോലും തിരിച്ചു തരാനുള്ള സാധ്യതയെപ്പറ്റിയുള്ള ചിന്തയും ആകുലതയും ഉത്തമര്‍ണന്റെ (കടം നല്‍കുന്നവന്‍) മനസ്സില്‍ കടന്നുകൂടാം.

ഈ സാഹചര്യങ്ങളെയെല്ലാം അതിജീവിച്ചും ഒരാള്‍ ഈ പുണ്യകര്‍മത്തിന് തുനിയുന്നുവെങ്കില്‍ അവനുള്ള പ്രതിഫലം സ്വദഖയെക്കാള്‍ മഹത്തരമായേ മതിയാവൂ. പത്തിന്റെ സ്ഥാനത്ത് പതിനെട്ടായി പ്രവാചകന് സ്വര്‍ഗത്തില്‍ ദൃശ്യമായതും ഈ പ്രതിഫലമാണ്.

ഇതിനൊരു മറുവശംകൂടി. തന്റെ ബഹുവിധ ആവശ്യങ്ങള്‍ പൂര്‍ത്തീകരിക്കാന്‍ കഴിയുന്ന മുതലില്‍ നിന്ന് കടം തരുന്നവനോട് കടം വാങ്ങുന്നവനുള്ള ബാധ്യത ചെറുതൊന്നുമല്ല. ധീര രക്തസാക്ഷിത്വം വഹിച്ചാല്‍ പോലും തീര്‍ക്കപ്പെടാത്ത ബാധ്യതയായി കടത്തിന്റെ കളങ്കം അവശേഷിക്കും. ഹദീസില്‍ നിന്ന് വ്യക്തമാകുന്നത് പോലെ മയ്യിത്ത് നമസ്കാരം പോലും അവന്റെ മേല്‍ സുഖകരമാംവിധം നിര്‍വഹിക്കപ്പെടില്ല. അവന്റെ ബാധ്യത മറ്റൊരാള്‍ ഏറ്റെടുക്കുന്നതുവരെ. ●

*nahasmala@gmail.com*